**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. ഹരിത വി കുമാർ ഐ എ എസ് )

വിഷയം:- വനിത ശിശു വികസന വകുപ്പ്-സക്ഷം അങ്കണവാടി നവീകരണം 2023-24 - വിവിധ ഘടകങ്ങൾക്കായി തുക ക്രമീകരിക്കുന്നത്- അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. കേന്ദ്ര സർക്കാറിന്റെ 13-07-2023 തീയതിയിലെ No.CD-I 11 /3/2021-CD-I-Part(3) (e 108441) നമ്പർ നിർദ്ദേശം
2. ഈ കാര്യാലയത്തിലെ 29-08-2024 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്
3. വയനാട് പ്രോഗ്രാം ഓഫീസറുടെ 12-09-2024 തീയതിയിലെ WYD/352/2022-B നമ്പർ കത്ത്
4. കേന്ദ്ര സർക്കാറിന്റെ 02-09-2024 തീയതിയിലെ No.CD- I-11 /3/2021-CD-I-Part(3) (E 108441) നമ്പർ കത്ത്

**ഉത്തരവ് നം. DWCD/1038/2023-ICDSA7 തീയതി: 22-10-2024**

കേന്ദ്ര സർക്കാരിന്റെ പരാമർശം (1) പ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഒരു അങ്കണവാടിക്ക് 1 ലക്ഷം രൂപ നിരക്കിൽ 2023-24 സാമ്പത്തിക വർഷം അനുവദിച്ച 1710 അങ്കണവാടികൾ സക്ഷം അങ്കണവാടികളാക്കി നവീകരിക്കുന്നതിനുള്ള ഉത്തരവ് പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിൽ വിവിധ ഘടകങ്ങൾക്കായി ചുവടെ ചേർക്കും പ്രകാരം തുക ക്രമീകരിച്ചിട്ടുണ്ട്.

| Sl.No | Items | Amount |
|---|---|---|
| 1 | Smart LED TV (32 inch HD) | 25,000/- |
| 2 | Water Filteration System/RO machine | 10,000/- |
| 3 | BALA and ECCE learning material | 39,000/- |
| 4 | Poshan vatika | 10,000 |
| 5 | Rain Water harvesting | 16,000/- |

എന്നാൽ ടി ഉത്തരവിൽ ഓരോ കമ്പോണന്റിനും പരമാവധി വിനിയോഗിക്കാവുന്ന തുക നിജപ്പെടുതിയിട്ടുള്ളതിനാൽ പരാമർശം (3) പ്രകാരം വയനാട് പ്രോഗ്രാം ഓഫീസർ മേൽ ഉത്തരവിൽ വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ടിരുന്നു.

ആയത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ പരാമർശം (1) പ്രകാരം കേന്ദ്രസർക്കാർ inter - se -flexibility അനുവദിച്ചിട്ടുള്ളതിനാൽ ഒരു അങ്കണവാടിക്ക് പരമാവധി ചെലവഴിക്കാവുന്ന തുക ഒരു ലക്ഷം രൂപയിൽ നിജപ്പെടുത്തി വിവിധ ഘടകങ്ങൾക്കായി തുക ക്രമീകരിക്കാവുന്നതാണ് .

സക്ഷം അങ്കണവാടികളാക്കി നവീകരിക്കുന്ന അങ്കണവാടികളിൽ ഒരു ബോർഡ് സ്ഥാപിക്കുന്നതിനും പരാമർശം (4) പ്രകാരം കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിലേക്കായി മേൽ ഫണ്ടിൽ നിന്നും പരമാവധി 2000/-രൂപയിൽ നിജപ്പെടുത്തി ബോർഡ് സ്ഥാപിക്കേണ്ടതാണ്. ബോർഡിന്റെ മാതൃക ലഭ്യമാക്കുന്നതാണ്.

പരാമർശം (2) ഉത്തരവ് പ്രകാരം അനുവദിച്ച ഫണ്ട് അടിയന്തിരമായി ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)

**വനിത ശിശുവികസന ഡയറക്ടർ**

പകർപ്പ് :

1. എല്ലാ ജില്ലാ ശിശു വികസന ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

ഉത്തരവിൻ പ്രകാരം

**സൂപ്രണ്ട്**

Signed by
A R Rahul
Date: 23-10-2024 11:19:17